**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ – 695035
**ഫോൺ:** 04712302490 **ഫാക്സ്:** 04712303025/20303080
**ഇ-മെയിൽ :** dhskerala@gmail.com **വെബ്സൈറ്റ്:** www.dhs.kerala.gov.in

## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം: ആരോഗ്യവകുപ്പ് – സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നത് സംബന്ധിച്ച വിഷയങ്ങളിൽ സ്പഷ്ടീകരണം പരിഷ്കരിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. ഉത്തരവ് നം. ഒ ആന്റ് എം 3 –82042/2018/ആ.വ.ഡ തീയതി. 23.10.2018

**ഉത്തരവ് നം. ഒ ആന്റ് എം 3 – 76850/2020/ആ.വ.ഡ തീയതി. 22.10.2020**

മേൽ പരാമർശം ഉത്തരവനുസരിച്ച് സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നത് സംബന്ധിച്ച വിഷയങ്ങളിൽ സ്പഷ്ടീകരണം നൽകിയിരുന്നു. എന്നാൽ രണ്ടാം സമയ ബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നത് സംബന്ധിച്ച് കൂടുതൽ വ്യക്തതവരുത്തുന്നതിലേക്കായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൂടി നൽകി പരിഷ്കരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

1. ജില്ലാ മെഡിക്കൽ ഓഫീസർമാർ നിയമനാധികാരി/നിയന്ത്രണാധികാരികളായ താഴെപ്പറയുന്ന തസ്തികകളിലെ രണ്ടാമത്തെ സമയ ബന്ധിത ഹയർഗ്രേഡ് (15 വർഷത്തെ) അതതു ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് തന്നെ അനുവദിച്ച് ഉത്തരവാകാവുന്നതാണ്. മൂന്നാമത്തേതും (22വർഷം) അതുനുമുകളിലേക്കും ഹയർഗ്രേഡിനായി അർഹതയുള്ളവ അനുവദിക്കുന്നതിലേക്കായി ആരോഗ്യവകുപ്പ് കാര്യാലയത്തിലേക്ക് അയച്ചുതരേണ്ടതാണ്.

ഡ്രൈവർ , ക്ലാർക്ക്/സീനിയർ ക്ലാർക്ക്, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II / ഗ്രേഡ് I , ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II / ഗ്രേഡ് I, സ്റ്റാഫ് നേഴ്സ് ഗ്രേഡ് II / ഗ്രേഡ് I , ഫാർമസിസ്റ്റ് ഗ്രേഡ് II / ഗ്രേഡ് I, ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II / ഗ്രേഡ് I.

2. മേൽപ്പറയുന്ന തസ്തികകളിൽ അരോഗ്യ വകുപ്പ് മേധാവി നിയമനാധികാരിയായിരിക്കുന്ന ബൈട്രാൻസ്ഫർ വിഭാഗം ജീവനക്കാരുടെ എല്ലാ ഹയർഗ്രേഡുകളും അനുവദിക്കുന്നതിലേക്കായി ആരോഗ്യവകുപ്പ് കാര്യാലയത്തിലേക്ക് അയച്ചുതരേണ്ടതാണ്. (ഉദാ: ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (ബൈട്രാൻസ്ഫർ).

ഒപ്പ്
ഡോ.സരിത ആർ.എൽ
ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താക്കൾ – എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും

പകർപ്പ്
1. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ് സൈറ്റ്.
2. ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്